രാജ്യത്തിന്റെ ക്രമീകൃതമായ ഭരണ വ്യവസ്ഥയ്ക്കെതിരെ പ്രതിലോമകാരികൾ പ്രതിവിപ്ലവമാരംഭിക്കുന്നു എന്ന മുടന്തൻ ന്യായം പറഞ്ഞുകൊണ്ട് ഇന്ദിരാഗവണ്മെന്റ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചുകഴിഞ്ഞു. ഭരണപക്ഷത്തിനെതിരെ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പ്രവർത്തിക്കുവാനുള്ള അവകാശം ഒരു ജനായത്തസംവിധാനത്തിൽ പ്രതിപക്ഷത്തിനുണ്ട്. അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പരാജയപ്പെടുകയും വാഗ്ദത്തങ്ങൾ നിറവേറ്റുന്നതിൽ മനഃപൂർവ്വമായ വീഴ്ച വരുത്തുകയും പോലീസിന്റെയും പട്ടാളത്തിന്റേയും സംഘടിത ശക്തിയുപയോഗിച്ച് ജനകീയ പ്രസ്ഥാനങ്ങളെ അടിച്ചമർത്തുകയും ചെയ്യുന്ന ഇന്ദിരാ ഭരണകൂടത്തിന് ജനപിന്തുണയുടെ പേരിൽ നിലനില്ക്കാൻ അർഹതയില്ല എന്നറിഞ്ഞപ്പോഴാണ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതും അതിന്റെ മാത്രം പിൻബലത്തിൽ ഭരണനേതൃസ്ഥാനത്ത് അള്ളിപ്പിടിച്ചിരിക്കുന്നതും. ഇന്ദിരാഗാന്ധിക്കെതിരെ വെല്ലുവിളികൾ ഉയരുന്നത് പ്രതിപക്ഷകക്ഷികളിൽനിന്നു മാത്രമോ ബീഹാർപോലുള്ള സംസ്ഥാനങ്ങളിലെ സമരപ്രസ്ഥാനങ്ങളിൽനിന്നു മാത്രമോ അല്ല. പ്രതിപക്ഷകക്ഷികൾ ആരംഭംമുതൽക്കുതന്നെ കോൺഗ്രസ്സിനെ എതിർത്തിട്ടുണ്ട്. അവർക്കങ്ങനെ ചെയ്യാനുള്ള അവകാശത്തെ സാധാരണ കോൺഗ്രസ്സ് പ്രവർത്തകരോ ഇന്ദിരക്കു മുമ്പുള്ള കോൺഗ്രസ്സ് നേതൃത്വമോ ചോദ്യം ചെയ്തിട്ടില്ല. ജനാധിപത്യബോധമുള്ള ആർക്കും തന്നെ ഈ അവകാശത്തെ നിഷേധിക്കാനുമാവില്ല. പ്രതിലോമകാരികൾ എന്ന് ഇന്ദിരയും ശിങ്കിടികളും വിളിക്കുന്നവരോ മറ്റു പ്രതിപക്ഷകക്ഷികളോ പ്രകടിപ്പിക്കുന്ന എതിർപ്പുകളല്ല സമനിലതെറ്റിയ അടിയന്തിരാവസ്ഥ പ്രഖ്യാപനമെന്ന നടപടിയെ നിർബ്ബന്ധിതയാക്കിയതു. കോൺഗ്രസ്സിനകത്തുനിന്നുതന്നെ ഉയർന്ന വെല്ലുവിളികളാണ് ഏററവും നിന്ദ്യവും അനവസരപൂർവ്വവുമായ ഈ ഭ്രാന്തൻ പ്രഖ്യാപനത്തിൽ ഇന്ദിരയെ കൊണ്ടെത്തിച്ചത്. തനിക്കുശേഷം പ്രളയം എന്നവരും ഇന്ദിരക്കുശേഷം അരാജകത്വം എന്നു ശിങ്കിടികളും ജയജയ പാടിത്തുടങ്ങിയിട്ട് കുറെ നാളുകളായി.

ഭാരതത്തിന്റെ മുഴുവൻ പുരോഗമന ചിന്തയുടെ മൂർത്തീഭാവം താനാണെന്ന ഫലിതമാണ് ഇന്ദിരയെ 'പ്രതിലോമകാരികൾക്കെതിരായുള്ള' നിഴൽയുദ്ധത്തിന് പ്രേരിപ്പിക്കുന്നത്. ഇന്ദിരാഗാന്ധിയുടെ പുരോഗമന സ്വഭാവം ഭാരതീയർക്കപരിചിതമല്ല. തൻകാര്യത്തിനുവേണ്ടിമാത്രം എന്തും ചെയ്യാൻ മടിയില്ലാത്ത ഈ സ്ത്രീ ഭരണസാരഥ്യമേറെറടുക്കുക എന്ന ദുര്യോഗം സംഭവിച്ചിട്ട് വർഷം പത്താകാറായി. ജനസാമാന്യത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുതകുന്ന ഏതെങ്കിലുമൊരു നടപടി ഈ പത്തു വർഷത്തിനുള്ളിൽ ഇവർ കൈക്കൊണ്ടിട്ടുണ്ടെന്നു പറയാനാവില്ല. ബാങ്കുകൾ വമ്പിച്ച പ്രതിഫലം നൽകിക്കൊണ്ടേറെറടുത്തതും ഭക്ഷ്യ

ധാന്യമൊത്തവ്യാപാരം ഏറ്റെടുത്ത ഉടൻതന്നെ കുത്തകകൾക്ക് തിരിച്ചേൽപ്പിച്ചതും വൻതുകകൾ നൽകിക്കൊണ്ട് പ്രിവിപേഴ്സ് നിർത്തലാക്കിയതും പുരോഗമന നടപടികളാണെന്നു വ്യാഖ്യാനിക്കുന്നത് പുരോഗമനം എന്തെന്നറിയാത്തവരാണ്. മാത്രമല്ല, ഇന്ദിരയുടെ ഭരണകാലത്ത് കുത്തകകൾക്ക 300% കണ്ട് വർദ്ധനവുണ്ടായി എന്ന സത്യം ഓർക്കേണ്ടതുണ്ട്. പ്രധാനമന്ത്രിയാകുന്നതിനുമുമ്പും കോൺഗ്രസ്സിലെ പുരോഗമനേച്ഛുക്കളുടെ കൂടെ ഇന്ദിരയെ ഭാരതീയർ കണ്ടിട്ടില്ല. ഇവരുടെ അച്ഛൻ ഭരിച്ചിരുന്ന കാലത്ത് കോൺഗ്രസ്സിന്റെ പ്രതിലോമ സ്വഭാവവും അഴിമതികളും വീഴ്ചകളും ജനങ്ങളുടെമുമ്പിൽ തുറന്നുകാട്ടിക്കൊണ്ട് പാർലമെന്റിനകത്തുതന്നെ ഒരു കോൺഗ്രസ്സ് എം. പി. യുണ്ടായിരുന്നു. അദ്ദേഹം ഈ സ്ത്രീയുടെ ഭർത്താവുമായിരുന്നു. 'അഴിമതികൾക്കെതിരെയെങ്കിലും പോരാടിയ ആ പോരാളിയുടെ പങ്കാളിയായി ഈ നവ പുരോഗമനാവതാരത്തെ ആരും കണ്ടില്ല. സ്വാതന്ത്ര്യസമരക്കാലത്ത് വാനരസേനയുണ്ടാക്കിയെന്നൊക്കെ പാഠപുസ്തകങ്ങളിൽ എഴുതിപിടിപ്പിക്കുന്നുണ്ട്. വാനരങ്ങളെപോലെ പെരുമാറുന്ന ഒരു വൃന്ദത്തിന്റെ നാണിപ്പിക്കുന്ന നേതൃത്വത്തിലിരുന്നുകൊണ്ട് സ്വയം ഒരു വാനരത്തെപ്പോലെ പെരുമാറുകയാണ് ഇന്നും ഇവർ ചെയ്യുന്നത്. 1969ലെ കോൺഗ്രസ്സ് പിളർപ്പുകാലത്തുമാത്രമാണ് ഇവർ പുരോഗമനപരമായ നടപടികൾ എടുക്കുവാൻ താല്പര്യം കാണിക്കുന്നുണ്ടെന്നു ആദ്യമായി ജനങ്ങൾ കേട്ടത്. കോൺഗ്രസ്സിനകത്തെ കുത്തകകളേയും കോൺഗ്രസ്സിനെ പുറത്തുനിന്നു സ്വാധീനിക്കുന്ന കുത്തകകളേയും എതിർത്തുപോന്നിരുന്ന കോൺഗ്രസ്സുകാരായ ചന്ദ്രശേഖറും, കൃഷ്ണകാന്തും, മോഹൻധാരിയയും അങ്ങനെ പറഞ്ഞതുകൊണ്ടാണ് ജനങ്ങൾ അതു വിശ്വസിച്ചത്. ചുരുക്കത്തിൽ യുവതുർക്കികളുടെ സർട്ടിഫിക്കറ്റുകൊണ്ടു മാത്രമാണ് പുരോഗമനപ്പട്ടം കെട്ടാൻ ഇന്ദിരക്കു കഴിഞ്ഞത്. കോൺഗ്രസ്സിൽ ഒരു പിളർപ്പുണ്ടാക്കിയാൽ അതു പരിവർത്തനസമരത്തെ സഹായിക്കും എന്ന സലക്ഷ്യബോധം കൊണ്ടാണ് അവർ അന്നങ്ങിനെ പറഞ്ഞത്. ഇന്ദിരയെ പുരോഗമനവാദിയാക്കി ചിത്രീകരിച്ചവർ ഇന്നു കഠോരമായ കാരാഗൃഹവാസം അനുഭവിക്കുകയാണ്.

അടിസ്ഥാനപരമായ ജനാധിപത്യാവകാശങ്ങൾ നിഹനിച്ചുകൊണ്ടും അഭിപ്രായം പറയാനുള്ള അവകാശത്തെപ്പോലും അടിച്ചമർത്തിക്കൊണ്ടും പ്രതിഷേധിക്കാനുള്ള നിർദ്ദോഷമായ മനുഷ്യാവകാശത്തെ ശ്വാസംമുട്ടിച്ചുകൊണ്ടും പോലീസിന്റെയും പട്ടാളത്തിന്റെയും മാത്രം സഹായത്തോടെ ഭരണത്തിൽ തുടരാൻ സ്വാർത്ഥപ്രസക്തിയുടെ കലികയറിയ ഒരു പൈശാചികശക്തിയായി ഇന്ദിര ഇന്നരങ്ങിൽ വല്ലുകയാണ്. ഭരണഘടന ചട്ടക്കൂട്ടത്തിലിരിക്കുന്ന വകുപ്പുകളുടെ ഉദ്ദേശം രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങളുടെ സംരക്ഷണമാണ്. രാജ്യമെന്നാൽ ഈ രാജ്യത്ത് അധിവസിക്കുന്ന ജനകോടികളാണ്. കുത്തകകൾ വളർത്തുകയും സ്വന്തം പുത്രനെ ഒരു വലിയ കുത്തകക്കാരനാക്കി ഉയർത്തുകയും കിരാത രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തുകയും ദാരിദ്ര്യം രൂക്ഷമാക്കുകയും തൊഴിലില്ലായ്മ പലമടങ്ങ് ഇരട്ടിപ്പിക്കുകയും പതിനായിരക്കണക്കിനു യുവജനങ്ങളെ വിചാരണകൂടാതെ തടങ്കലിൽ പാർപ്പിക്കുകയും അഴിമതി സർവ്വരംഗങ്ങളിലേക്കും വ്യാപിപ്പിക്കുകയും ചെയ്ത ഇന്ദിരയുടെ താല്പര്യം ഭാരതത്തിലെ ജനങ്ങളുടെ താല്പര്യമല്ല, അതു വിദ്യാഭ്യാസം പൂർത്തീകരിച്ചാൽ തൊഴിൽ ലഭിക്കും എന്നു സ്വപ്നം കണ്ടുകൊണ്ട് സ്വന്തം അസ്വസ്ഥതകളുടെ കയ്പുനീർ ചവച്ചിറക്കി കഴിച്ചിരിക്കുന്ന, സുരക്ഷിതത്വബോ

ധമില്ലാത്ത ഭാരതത്തിലെ യുവകോടികളുടെ താല്പര്യമല്ല, മണ്ണിൽ വിളകൾ ഉയർത്തുകയോ തൊഴിൽശാലകളിൽ ഉരുപ്പടികൾ പണിയുകയോ ചെയ്യുന്ന തൊഴിലാളിയുടെ താല്പര്യമല്ല, നിരവധി അടിമത്തങ്ങളുടെ ക്രൂരമായ ചൂഷണത്തിനു് നിരന്തരമായി ഇരയാകേണ്ടിവരുന്ന ഭാരതസ്ത്രീയുടെ താല്പര്യമല്ല, ഉന്നതമായ വിദ്യാഭ്യാസം കഴിഞ്ഞു തനിക്കനുരൂപനായ ഒരു വരനെ വരിച്ച് ശാന്തമായ കുടുംബജീവിതം നയിക്കാമെന്ന ശരാശരി സ്വപ്നം താലോലിക്കുന്ന കുമാരിമാരുടെപോലും താല്പര്യമല്ല, ഇന്ദിരയുടെ താല്പര്യം അവരുടേയും അവരുടെ രണ്ടു പുത്രന്മാരുടേയും അവരുടെ വധുക്കളുടേയും മാത്രം താല്പര്യമാണെന്ന ബോധവും വന്ന ഭാരതജനതക്ക് ഇന്ദിര പോയാൽ ഒരു ചുക്കും വരാനില്ലെന്നറിയാം. മറിച്ച് ഇന്ദിര സ്ഥാനത്തുനിന്നു നീക്കം ചെയ്യപ്പെടുന്ന നിമിഷംമുതൽമാത്രമേ തങ്ങളുടെ വിമോചനത്തെക്കുറിച്ചുള്ള സ്വപ്നംപോലും അർത്ഥവത്തായി തീരുകയുള്ളു എന്നുമറിയാം. ഇന്ദിരയെന്ന ശാപത്തെ സ്വന്തം ചുമലിൽനിന്നു വലിച്ചെറിയുകയെന്ന ജനകോടികളുടെ അഭിലാഷത്തിനു അനുകൂലമായി ചിന്തിച്ചുതുടങ്ങിയ, കോൺഗ്രസ്സ് എം. പി. മാരുടെ പിന്തുണ പിൻവലിക്കാനുള്ള തീരുമാനമാണ് ഈ ശ്വാസംമുട്ടിക്കുന്ന ജീവിതസാഹചര്യങ്ങളിലേക്കു ഭാരതീയരെ തള്ളിയിട്ടിരിക്കുന്നതു്. തങ്ങളുടെ നേതാവിനെ സ്ഥാനത്തുനിന്നു നീക്കംചെയ്യാനുള്ള അവകാശം കോൺഗ്രസ്സ് എം. പി. മാർക്കുണ്ടു്. പകരം ഒരു നേതാവിനെ കണ്ടെത്താനും തെരഞ്ഞെടുക്കാനുമുള്ള അധികാരവും അവർക്കുണ്ടു്. അവർ അങ്ങിനെ ചെയ്യും എന്നുതന്നെയാണ് രാഷ്ട്രീയബോധമുള്ള ഭാരതീയർ അഭിലഷിച്ചിരുന്നതു്. ഈ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനു വേണ്ടിയല്ല മറിച്ച്, ഒരു കുടുംബത്തിന്റെമാത്രം സുരക്ഷിതത്വത്തിനു വേണ്ടിയാണ് ഇന്ദിര ഈ അററ കൈപ്രയോഗം നടത്തിയിരിക്കുന്നതു്. മുക്കാൽ നൂററാണ്ടുകാലത്തെ ത്യാഗപൂർവ്വമായ സ്വാതന്ത്ര്യസമരം നടത്തി ജീവാഹുതി ചെയ്തവരുടേയും സർവ്വ സമ്പൽസമൃദ്ധികളും പാടെ പരിത്യജിച്ച ത്യാഗികളുടേയും തലമുറകൾ നമ്മോടു പറയുന്നു: ഒരു സ്വാതന്ത്ര്യസമരത്തിനുകൂടി തയ്യാറെടുക്കുവിൻ!

പുരോഗമന നടപടികൾ കൈക്കൊള്ളുവാൻ വേണ്ടിയാണ് ഈ നടപടികൾ എല്ലാമെന്നു വ്യാഖ്യാനിക്കുന്ന ദാസന്മാർ ഓർക്കണം. അടിയന്തിരാവസ്ഥ പ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ടു് ആദ്യമായി പ്രകടനം നടത്തിയതു് വൻകിട കച്ചവടക്കാരുടെ സംഘടനയാണ്. വൻകിടക്കാരിൽ പ്രതീക്ഷകളുടെ രോമാഞ്ചമുണർത്തുന്ന ഒരു നടപടി പാവപ്പെട്ടവന്റെ നില ഉയർത്താനാണെന്നുള്ള നുണ ഇനിയും പ്രചരിപ്പിക്കരുതു്.

പ്രിയപ്പെട്ട വിദ്യാർത്ഥിസുഹൃത്തുക്കളെ, നിസ്വാർത്ഥമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്ന സ്വഭാവം സ്വച്ഛന്ദമായി പ്രകടിപ്പിക്കുന്ന പ്രായപരിധിയിൽ പെട്ടവരാണ് നാം. സംഘടിത രാഷ്ട്രീയപ്രസ്ഥാനങ്ങൾ പോലും പട്ടാളശക്തിയുടെ വരുതിക്കു വഴങ്ങി ഒതുങ്ങേണ്ടിവന്നിട്ടുണ്ടു്. പക്ഷെ സൈനികശക്തികളെ അടിയറവു പറയിക്കാനുള്ള കെൽപ്പു കാട്ടിയിട്ടുള്ളതു് ലോകത്തെവിടേയും സംഘടിതവിദ്യാർത്ഥികളുടെ ശക്തിയാണ്. ഇന്ദിരാ കുടുംബത്തിന്റെ കോളനിയാകാൻ ഭാരതത്തിലെ ജനകോടികൾ ഇന്നു വിധിക്കപ്പെട്ടിരിക്കുന്നു. ഇന്ദിരക്കെതിരായ സമരം ഒരു പുത്തൻ കോളനിവാഴ്ചക്കെതിരായ സാമ്രാജ്യവിരുദ്ധസമരമാണ്. മനുഷ്യജീവിതത്തിന്റെ ഏതു തുറയിൽനിന്നു വിലയിരുത്തിയാലും ഇതൊരു സ്വാതന്ത്ര്യസമരമാണ്. നിസ്സാരമായ സ്വാർത്ഥതാല്പര്യങ്ങൾക്കു

വേണ്ടി ഇന്ദിരക്കു ജയ് ജയ പാടുകയെന്ന നിന്ദ്യതയിൽ കുരുങ്ങിക്കിടക്കുന്നവർ ഉണരേണ്ടിയിരിക്കുന്നു. ഭഗത്സിംഗിന്റേയും കർത്താർസിംഗിന്റേയും പ്രീതിലതാ വാദേന്റേയും കല്യാണിദാസ്ഗുപ്തയുടേയും സുഭാഷ് ചന്ദ്രബോസിന്റേയും ഇപ്പോൾ ഏററവുമൊടുവിൽ ചന്ദ്രശേഖറിന്റേയും മാർഗ്ഗം നിങ്ങൾക്കു വെളിച്ചം നൽകട്ടെ. സ്വേച്ഛാധിപത്യത്തിനെതിരായി ലോകമെങ്ങും ഉയിർത്തുകൊടുത്ത വിദ്യാർത്ഥികളായ രക്തസാക്ഷികളുടെ സ്മരണ നമ്മുടെ രക്തത്തിനു ആവേശത്തിന്റെ ചൂടു പകരട്ടെ. ഈ സമരത്തിൽ ഞങ്ങൾക്കു പങ്കില്ലെന്ന ഉദാസീനതയുടെ ഉറക്കത്തിലാണ്ടു കിടക്കുന്നവർ അടിയറവെയ്ക്കുന്നതു വിലപ്പെട്ട സ്വാതന്ത്ര്യമാണെന്നോർക്കണം. സ്വാതന്ത്ര്യം ഒരു ഘട്ടത്തിലും ഒരു രാജ്യത്തും അധീശവർഗ്ഗത്തിന്റെ ദാനമല്ല. നമുക്കവകാശപ്പെട്ടതു് നാംതന്നെ പിടിച്ചുപററണം. നമുക്കിന്നു നിഷേധിക്കപ്പെട്ടിരിക്കുന്നതു നമ്മുടെ സ്വാതന്ത്ര്യമാണ്. നമ്മുടെ സ്വാതന്ത്ര്യം ചങ്ങലക്കിട്ടതു ഇന്ദിരയാണ്. അതുകൊണ്ട് നമ്മുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം ഇന്ദിരക്കെതിരായ സമരവുമാണ്. ജീവൻദാനികളുടെ മൂന്നുനാലു തലമുറകളുടെ രക്തദാനംകൊണ്ട് നാം നേടിയ സ്വാതന്ത്ര്യം വേണ്ടാത്ത ഒരുത്തിയുടെ അല്പത്തത്തിന് ബലി കൊടുക്കാൻ അനുവദിക്കരുത്. ഒളിഞ്ഞും തെളിഞ്ഞുമുള്ള നിരവധി സമരമാർഗ്ഗങ്ങൾ നമ്മെ വിളിക്കുന്നു. ഏററവും ഹ്രസ്വവും ഫലപ്രദവുമായ സമരത്തിന്റെ മാർഗ്ഗം നമുക്കു് ആവിഷ്ക്കരിക്കേണ്ടതുണ്ട്. മാർഗ്ഗദർശനത്തിനു കാത്തുനില്ക്കാതെ സ്വാനുഭവത്തിന്റെ ചൂടിൽ തെററാത്ത ലക്ഷ്യപ്രാപ്തിയ്ക്കുതകുന്ന മാർഗ്ഗം നാം ആവിഷ്ക്കരിക്കുക. രാഷ്ട്രീയാലസ്യത്തിന്റെ നിഷ്ക്രിയനിദ്രയിൽനിന്നു പരിവർത്തന സമരത്തിന്റെ നിത്യമായ ഉണർച്ചയിലേക്കു് ഉണരുക. സ്വാതന്ത്ര്യപ്രാപ്തിയുടെ ഉന്നതികളിലേക്കു ഉയരുക! ഇന്ദിരയുടെ പോർവിളിക്കു എതിർവിളികൾ മുഴക്കുക. ഒന്നുകിൽ വിജയിക്കുംവരെ, അല്ലെങ്കിൽ ധമനികളിൽ ചോരയോട്ടം നിലക്കുംവരെ ഇനി പോരാട്ടമാണ്.

ജയ്ഹിന്ദ്

പരിവർത്തനവാദി വിദ്യാർത്ഥി സംഘം പ്രസിദ്ധീകരിക്കുന്നതു്.

ഭാരതം ഇന്നൊരു ജയിലറ
പൊട്ടിച്ചെറിയും ചങ്ങലകൾ
ഇന്ദിര നശിക്കും ജനത ജയിക്കും
ചന്ദ്രശേഖർ സിന്ദാബാദ്
എം. എ. ജോൺ നമ്മെ നയിക്കും.